**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 400** **20-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ കുട്ടികളിലും കൗമാരക്കാരിലും കണ്ടുവരുന്ന അപകടകരമായ ആക്രമണോത്സുകതയും ലഹരി ഉപയോഗവും പൂർണമായും തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും അപകടകരമായ ആക്രമണോത്സുകതയും പൂർണ്ണമായും തടയുക എന്ന ലക്ഷ്യത്തോടെ വിദ്യാലയങ്ങളെ സജ്ജമാക്കുക എന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. കുട്ടികളുടെ മാനസിക ആരോഗ്യ പ്രശ്നങ്ങളുടെ തോത് കണ്ടെത്തി അത് പരിഹരിക്കുന്നത് എങ്ങനെയെന്ന് മനസ്സിലാക്കുന്നതിനായി എസ് സി ഇ ആർ റ്റി ഒരു പഠനം നടത്തിയിട്ടുണ്ട്. കുട്ടികൾക്കായുള്ള പരിഹാരബോധന പരിപാടികൾ നടപ്പാക്കുന്നതിനുള്ള നയസമീപനം വ്യക്തമാക്കുന്ന ഒരു നയരേഖയും തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളുടെ സുസ്ഥിതി ഉറപ്പാക്കുന്നതിനും സാമൂഹിക വൈകാരിക വികാസത്തിനും കൂടി പ്രാധാന്യം നൽകിയാണ് കരിക്കുലം പരിഷ്കരിച്ചിരിക്കുന്നത്. മൂല്യ വിദ്യാഭ്യാസത്തിനു ഊന്നൽ നൽകി പാഠപുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്.. മാനസിക ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പുമായി ചേർന്ന് സ്കൂളിൽ Anti Narcotic Club രൂപീകരിക്കുകയും, വിമുക്തി മിഷൻ മുഖേന ലഹരിമുക്ത കേരളം ലക്ഷ്യമിട്ട പദ്ധതി നടപ്പിലാക്കിയും വരുന്നു. എൻ എസ് എസ്, എസ് പി സി, എൻ സി സി, കുടുംബശ്രീ, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, യുവജന സംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ ബോധവത്കരണം, കൗൺസിലിംഗ്, ചികിത്സ, പുനരധിവാസം എന്നീ മേഖലകൾക്കാണ് ഊന്നൽ നൽകുന്നത്. കുട്ടികളിൽ സ്പോർട്സ് എന്ന ആശയം ശക്തിപ്പെടുത്തുന്നതിന് 'ഉണർവ്', 'ടീം വിമുക്തി, സ്പോർട്സ് ടീം' തുടങ്ങിയ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കലാ കായിക പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ വൈകാരികവും മാനസികവുമായ ആരോഗ്യത്തെ പരിപോഷിപ്പിക്കുന്നതിനുള്ള പരിപാടികളും നടപ്പാക്കി വരുന്നു.<br><br>**നേർവഴി -** അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികൾ-ക്കിടയിലെ ലഹരി ഉപയോഗം കണ്ടെത്തി കൗൺസിലിംഗ് നൽകി പ്രശ്നം പരിഹരിച്ച് കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്ന പദ്ധതിയാണത്.<br><br>**കവചം** എന്ന കൈപ്പുസ്തകം ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും, മയക്കുമരുന്ന് ദുരുപയോഗത്തിൽ നിന്ന് വിട്ടുനിൽക്കാനുള്ള വഴികളെക്കുറിച്ച് വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 'കരുതൽ' എന്ന പുസ്തകം കുട്ടികൾക്കിടയിലെ മയക്കുമരുന്ന് ദുരുപയോഗം തിരിച്ചറിയാനും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് അധ്യാപകരെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കാനും ഉതകുന്നതാണ്. ലഹരി ഉപയോഗത്തിനെതിരെ ചിന്തിക്കാനും ഒഴിവു സമയങ്ങളിൽ അവരുടെ സർഗാത്മകത വളർത്താനും കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി ജനമൈത്രി ഓഫീസ് എക്സൈസിന്റെ നേതൃത്വത്തിൽ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചു വരുന്നു.<br><br>Standard Operating Procedure (SOP) – ബഹു.ഹൈക്കോടതിയുടെ റീജ്യണൽ ജുഡീഷ്യൽ കൊളീജ്യത്തിന്റെ നിർദ്ദേശപ്രകാരം കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തേണ്ട ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എസ്.ഒ.പി. തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് പ്രൈമറി, സെക്കന്ററി തലത്തിലെ എല്ലാ അധ്യാപകർക്കും കൃത്യമായ ധാരണ അവധിക്കാല അധ്യാപക പരിശീലനത്തിൽ നൽകിയിട്ടുണ്ട്. |
| (ബി) | കുട്ടികൾ ലഹരിയിലേക്കും അക്രമങ്ങളിലേക്കും തിരിയാതിരിക്കുന്നതിനുള്ള പ്രാഥമിക കരുതൽ എന്ന നിലയ്ക്ക് സ്കൂൾ കുട്ടികളുടെ രക്ഷിതാക്കൾക്ക് പേരന്റിങ്ങിൽ പരിശീലനം നൽകുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദീകരിക്കുമോ; | (ബി) | സ്കൂൾ പേരന്റിംഗ് പരിശീലനം എന്ന നിലയിൽ 30 മുതൽ 50 വരെ അമ്മമാരുടെ ക്രിയാത്മകമായ കൂട്ടായ്മയായി ഒരു കൺവീനറുടെ നേതൃത്വത്തിൽ **അമ്മ റിസോഴ്സ് ഗ്രൂപ്പ്** രൂപീകരിച്ചിട്ടുണ്ട്. ലഹരി സംബന്ധമായ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹരിക്കുകയും, അത്തരം കുട്ടികളെയും, മാതാപിതാക്കളെയും ചേർത്തുകൊണ്ട് പ്രത്യേക കൗൺസിലിംഗ് ചെയ്യുകയും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തു വരികയാണ്. ഇത്തരം സംഭവ ങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശികതലത്തിൽ കോർണർ പി റ്റി എ യോഗങ്ങൾ ചേർന്ന് പ്രത്യേക ചർച്ചകൾ നടത്തി ബന്ധപ്പെട്ട വകുപ്പ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള കരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ ഈ കൂട്ടായ്മയിലൂടെ വിദ്യാലയ ജാഗ്രതാ സമിതികളെ സഹായിക്കുകയും ചെയ്യുന്നു. |
| (സി) | സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് ആരംഭിച്ച് എല്ലാ വിദ്യാലയങ്ങളുടെയും പരിസരവും കുട്ടികളെയും ലഹരിമുക്തവും അക്രമമുക്തവുമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (സി) | വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ എന്നതിനെ സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലഹരി വിരുദ്ധ പ്രചാരണം ഏകോപിപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രി അധ്യക്ഷനായും, ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ഉപാദ്ധ്യക്ഷനായും, ബഹു. ധനകാര്യം, പൊതു വിദ്യാഭ്യാസം, ബഹു. ഉന്നത വിദ്യാഭ്യാസം, ബഹു.സാമൂഹ്യനീതി, ബഹു.ആരോഗ്യം, ബഹു.നിയമം, ബഹു.യുവജനക്ഷേമം, ബഹു.കായികം, ബഹു.റവന്യൂ, ബഹു.പട്ടികജാതി-പട്ടികവർഗ്ഗ -പിന്നോക്കക്ഷേമം, ബഹു.ഫിഷറീസ് എന്നീ വകുപ്പ മന്ത്രിമാരും, സെക്രട്ടറിമാരും, സംസ്ഥാന പോലീസ് മേധാവിയും, എക്സൈസ് കമ്മീഷണറും അംഗങ്ങളായും, ചീഫ് സെക്രട്ടറി കോ- ഓർഡിനേറ്റർ ആയും, ആഭ്യന്തര, നികുതി (എക്സൈസ്) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ ജോയിന്റ് കോ ഓർഡിനേറ്റർ ആയും ഒരു സംസ്ഥാനതല സമിതി രൂപീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വരികയാണ്.<br><br>ഇതിനോടനുബന്ധമായി ജില്ലകൾ കേന്ദ്രീകരിച്ചു കൊണ്ടുള്ള അടിസ്ഥാന പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവി അധ്യക്ഷനായും പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ കൺവീനറായും തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവി അധ്യക്ഷനായും, പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ കൺവീനറായും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സമിതികൾ രൂപീകരിക്കുകയും ഇതിൽ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വിവിധ ജാതി മത സാമൂഹിക സാസ്കാരിക സംഘടനാ പ്രതിനിധികൾ, പ്രാദേശിക കൂട്ടായ്മകൾ, കുടുംബശ്രീ റസിഡൻസ് അസോസിയേഷനുകൾ, ഗ്രന്ഥശാല, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവയിലെ പ്രതിനിധികളെ |

| | | | |
|---|---|---|---|
| | | | അംഗങ്ങളായി ഉൾപ്പെടുത്തി വിവിധതരം ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി വരികയാണ്.<br><br>പൊതുവായി ആളുകൾ ഒത്തുചേരുന്ന കേന്ദ്രങ്ങളായ വായനശാല, ക്ലബ്ബുകൾ, ബസ് സ്റ്റാന്റുകൾ, കവലകൾ എന്നിവിടങ്ങളിൽ ജനജാഗ്രതാ സദസ്സുകൾ സംഘടിപ്പിക്കുകയും ഇതിന്റെ ഭാഗമായി ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്ന വീഡിയോ പ്രദർശിപ്പിക്കുകയും, സംവാദങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. |
| (ഡി) | സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും കർമ്മ പദ്ധതികളും തയ്യാറാക്കുന്നതിന് സംസ്ഥാന തലത്തിലും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും പ്രത്യേക സമിതികൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (ഡി) | സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്ന നിലയിൽ രൂപീകരിച്ച വിദ്യാലയ ജാഗ്രതാ സമിതിയിൽ പ്രഥമാധ്യാപകൻ ചെയർമാനും പി ടി എ പ്രസിഡന്റ്, എം പി ടി എ പ്രസിഡന്റ് എന്നിവർ അംഗങ്ങളുമാണ്. വിദ്യാലയജാഗ്രത സമിതി സ്കൂൾ തലത്തിലെ ജാഗ്രത പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. സ്കൂൾ തലത്തിൽ പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളിൽ കൃത്യമായ തീരുമാനമെടുക്കുകയും അല്ലാത്തവ ബന്ധപ്പെട്ട അധികാരികളിലേക്ക് എത്തിക്കുകയും ചെയ്യുന്നു. അമ്മ റിസോഴ്സ് ഗ്രൂപ്പായി പ്രവർത്തിക്കുന്ന രക്ഷകർത്താക്കളുടെ കൂട്ടായ്മ സ്കൂൾ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി വരുന്നു. വിദ്യാലയ ജാഗ്രത സമിതിയെ സഹായിക്കൽ, ശാക്തീകരണ പ്രവർത്തനങ്ങളിൽ പങ്ക് ചേരൽ എന്നിവ ഈ കൂട്ടായ്മയുടെ ചുമതലകളിൽ ഉൾപ്പെട്ടതാണ്. ലഹരി ഉപയോഗം തടയാൻ ഒരു സ്കൂളിൽ കൂട്ടായി ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കി ശക്തമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ച് പരാതികൾ സ്വീകരിക്കുകയും ആയതിൽ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ